**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4886** **20-07-2022 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.എസ്.ടി. തസ്തിക പുനർവിന്യാസവും പ്രൊമോഷനും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2018-19, 2019-20 കാലഘട്ടത്തിൽ മതിയായ പഠിതാക്കൾ ഇല്ലാത്തതിനാൽ തെക്കൻ ജില്ലകളിൽ നിന്നും വടക്കൻ ജില്ലകളിലേക്ക് മാറ്റം ചെയ്യപ്പെട്ട ഗവ: ഹയർ സെക്കന്ററി സ്കൂളുകളിലെ ബാച്ചുകളിലേക്കുള്ള തസ്തിക പുനർവിന്യാസവുമായി ബന്ധപ്പെട്ട ഫയലുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | തസ്തിക പുനർവിന്യാസവുമായി ബന്ധപ്പെട്ട തുടർ നടപടികൾ പൂർത്തിയായിട്ടില്ല. ബന്ധപ്പെട്ട ആർ.ഡി.ഡി മാരിൽ നിന്നും റിപ്പോർട്ട് വാങ്ങി ആയത് പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഹയർ സെക്കന്ററി ഗണിതശാസ്ത്രം സീനിയർ തസ്തികയിൽ കഴിഞ്ഞ 5 വർഷങ്ങളിലായി ഉണ്ടായ വിരമിക്കൽ ഒഴിവുകളിൽ ഭൂരിഭാഗവും ഗവ: ഹൈസ്കൂൾ പ്രധാനാദ്ധ്യാപകരുടെ പ്രിൻസിപ്പൽ പ്രമോഷൻ മൂലം നികത്തപ്പെട്ടതിനാൽ, നിലവിലെ എച്ച്.എസ്.എസ്.ടി. ജൂനിയർ ഗണിതശാസ്ത്രം റാങ്ക് ലിസ്റ്റിൽ നിന്നും മതിയായ നിയമനങ്ങൾ നടന്നിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ചതും സ്വീകരിച്ചു വരുന്നതുമായ നടപടിക്രമങ്ങൾ വ്യക്തമാക്കാമോ? | (ബി) | 16.04.2001-ലെ ജി.ഒ(പി)നം.144/2001/പൊ.വി.വ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഹയർ സെക്കന്ററി സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് അനുവദിച്ച് എച്ച്.എസ്.എസ്.റ്റി പ്രിൻസിപ്പൽ തസ്തികയിലെ ഒഴിവുകൾ 2:1 അനുപാതത്തിൽ എച്ച്.എസ്.എസ്.റ്റി, എച്ച്.എം എന്നിവയിൽ നിന്നുമാണ് നികത്തുന്നത്. ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ തസ്തിക ഒരു ടീച്ചിംഗ് പോസ്റ്റ് കൂടി ആയതിനാൽ എച്ച്.എം തസ്തികയിൽ നിന്നും പ്രിൻസിപ്പൽ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിനായി എച്ച്.എസ്.എസ്.റ്റി തസ്തികയിലെ ഒഴിവുകൾ മാറ്റി വയ്ക്കേണ്ടതുണ്ട്. സ്പെഷ്യൽ റൂൾ പ്രകാരമാണ് ടി പ്രിൻസിപ്പൽ നിയമനം നടക്കുന്നത്. അപ്രകാരം നിയമനം നൽകുമ്പോൾ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനത്തിൽ കുറവുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ